G.O.(Ms)No.9/2022/CLAD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാംസ്കാരിക കാര്യ വകുപ്പ് - പൈതൃക പഠന കേന്ദ്രം- ഡയറക്ടർ ജനറൽ സ്ഥാനത്തേക്ക് പ്രായപരിധി സംബന്ധിച്ച നിബന്ധനയിൽ ഇളവ് നൽകി ഡോ. എം . ആർ രാഘവവാര്യരെ നിയമിച്ച ഉത്തരവാകുന്നു

---

സാംസ്കാരിക കാര്യ (എ) വകുപ്പ്

G.O.(Ms)No.9/2022/CLAD തീയതി,തിരുവനന്തപുരം, 04-06-2022

---

പരാമർശം:- 1. 24.05.2022 ലെ സ.ഉ.(കൈ) നം.7/2022/സാം. ക.വ നമ്പർ സർക്കാർ ഉത്തരവ്

<u>ഉത്തരവ്</u>

പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം സാംസ്കാരിക കാര്യ വകുപ്പിന് കീഴിലുള്ള സ്വയം ഭരണ സ്ഥാപനങ്ങളിലെ ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സെക്രട്ടറി എന്നിവരുടെ ഉയർന്ന പ്രായപരിധി 70 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.

2. ഒരു പ്രത്യേക കേസായി പരിഗണിച്ച്, നിർദ്ദിഷ്ട പ്രായപരിധി അധികരിച്ച ഡോ. എം. ആർ. രാഘവവാര്യരെ, പരാമർശിത ഉത്തരവ് പ്രകാരം നിലവിലുള്ള പ്രായപരിധി നിബന്ധനയിൽ ഇളവ് നൽകി, തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയം അങ്കണത്തിൽ പ്രവർത്തിക്കുന്ന പൈതൃക പഠന കേന്ദ്രത്തിന്റെ ഡയറക്ടർ ജനറൽ സ്ഥാനത്തേക്ക് നിയമിച്ച ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RANI GEORGE
PRINCIPAL SECRETARY

രജിസ്ട്രാർ , പൈതൃക പഠന കേന്ദ്രം, തിരുവനന്തപുരം

ഡോ. എം . ആർ രാഘവ വാര്യർ ,മണലിൽ , തൃക്കോവിൽ വാര്യം , എടക്കുളം , കൊയിലാണ്ടി, കോഴിക്കോട്673306

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ആഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് , തിരുവനന്തപുരം

സബ് ട്രഷറി ആഫീസർ, തിരുവനന്തപുരം/വെള്ളയമ്പലം

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-06-2022

ഇനം നം: 773

ഫയൽ നം. എ3/23/2021/സാം.കാ.വ.

വിഷയം : സാംസ്കാരികകാര്യ വകുപ്പ് - വൈത്യക പഠന കേന്ദ്രത്തിന്റെ ഡയറക്ടർ ജനറൽ സ്ഥാനത്തേക്ക് പുനർനിയമനം നടത്തുന്നതിനായി ഡോ. എം. ആർ. രാഘവവാര്യർക്ക് പ്രായപരിധിയിൽ ഇളവ് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | എ 3/23/2021/സാം.കാ.വ. |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | പൈതൃക പഠന കേന്ദ്രത്തിന്റെ ഡയറക്ടർ ജനറൽ സ്ഥാനത്തേക്ക് പുനർനിയമനം നടത്തുന്നതിനായി ഡോ. എം. ആർ. രാഘവ വാര്യർക്ക് പ്രായപരിധിയിൽ ഇളവ് നൽകുന്നത് സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 18.05.2022 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | ഇല്ല |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ബാധകമല്ല |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ജനാർദ്ദനൻ കെ. |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. കെ. എസ് ശ്രീനിവാസ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 25.05.2022 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി. പി ജോയ് |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.05.2022 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. സജി ചെറിയാൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26.05.2022 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28.05.2022 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൈതൃക പഠന കേന്ദ്രത്തിന്റെ ഡയറക്ടർ ജനറൽ സ്ഥാനത്തേക്ക് പുനർനിയമനം നടത്തുന്നതിനായി, ഡോ. എം. ആർ. രാഘവ വാര്യർക്ക് പ്രായപരിധി സംബന്ധിച്ച നിബന്ധനകളിൽ ഇളവ് നൽകണമെന്ന വിഷയം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ സ.ഉ (കൈ) 31/2021/പ്ലാനിംഗ് തീയതി. 06.11.2021 ഉത്തരവിന് അനുസൃതമായി, സാംസ്കാരിക കാര്യ വകുപ്പിന് കീഴിലുള്ള സ്വയം ഭരണ സ്ഥാപനങ്ങളിലെ ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സെക്രട്ടറി എന്നിവരുടെ പ്രായപരിധി, 06.01.2022 ലെ സ.ഉ (കൈ) നം. 1/2022/സാം.കാ.വ പ്രകാരം ഉത്തരവ് തീയതി മുതൽ 65 വയസ്സായി നിജപ്പെടുത്തിയിരുന്നു.

3) സ.ഉ (കൈ) 07/2022/P&EA തീയതി. 18.03.2022 ഉത്തരവ് പ്രകാരം 06.11.2021-ലെ ഉത്തരവ് ഭേദഗതി ചെയ്ത് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റ് സ്വയം ഭരണ/സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവയിലെ മാനേജിംഗ് ഡയറക്ടർ/സെക്രട്ടറി/ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ഉയർന്ന പ്രായപരിധി 70 വയസ്സായി ഉയർത്തിയിട്ടുണ്ട്. ആയതിന് അനുസൃതമായി 24.05.2022-ലെ സ. ഉ (കൈ) 7/2022/സാ.കാ.വ പ്രകാരം സാംസ്കാരിക കാര്യ വകുപ്പിന് കീഴിലുള്ള സ്വയം ഭരണ സ്ഥാപനങ്ങളിലെ ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സെക്രട്ടറി എന്നിവരുടെ പ്രായപരിധി, 70 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.

4) 1936-ൽ ജനിച്ച ഡോ. എം. ആർ. രാഘവ വാര്യർക്ക് നിലവിൽ 86 വയസ്സായിട്ടുണ്ട്. ഉയർന്ന പ്രായപരിധി നിശ്ചയിച്ചുകൊണ്ട് ഉത്തരവുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ, നിർദിഷ്ട പ്രായപരിധി കഴിഞ്ഞ ഡോ. എം. ആർ. രാഘവ വാര്യർക്ക് ഡയറക്ടർ ജനറൽ സ്ഥാനത്തേക്ക് പുനർനിയമനം നടത്തുന്നതിനായി, ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കേണ്ടതുണ്ട്.

5) ഒരു പ്രത്യേക കേസായി പരിഗണിച്ച് പ്രായപരിധിയിൽ ഇളവ് നൽകുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ഒരു പ്രത്യേക കേസായി പരിഗണിച്ച് സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തൃപ്പൂണിത്തുറ പൈതൃക പഠന കേന്ദ്രത്തിന്റെ ഡയറക്ടർ ജനറൽ സ്ഥാനത്തേക്ക് പ്രായപരിധി സംബന്ധിച്ച നിലവിലുള്ള നിബന്ധനകളിൽ ഇളവ് നൽകി ഡോ. എം. ആർ. രാഘവ വാര്യർക്ക് പുനർനിയമനം നൽകാമോ?